(ബി) 2008-09-ലെ കണക്ക് പ്രകാരം 787769 ഹെക്ടർ സ്ഥലത്ത് സംസ്ഥാനത്ത് തെങ്ങുകൃഷി ചെയ്തുവരുന്നു.

(സി) നാളികേരത്തിന്റെ ഉൽപ്പാദനക്ഷമത സംസ്ഥാനത്ത് കൂടുകയുണ്ടായി. കഴിഞ്ഞ മൂന്നുവർഷത്തെ ഉൽപ്പാദനക്ഷമതയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു :

| വർഷം | ഉൽപ്പാദനം (ദശലക്ഷം നാളികേരം) |
|---|---|
| 2006-07 | 6935 |
| 2007-08 | 6889 |
| 2008-09 | 7365 |

2008-09-ൽ മുൻ വർഷത്തെ അപേക്ഷിച്ച് ഹെക്ടറിന് 476 നാളികേരം കൂടുതലായി ലഭിച്ചിട്ടുണ്ട്.

(ഡി) നാളികേര ടെക്നോളജി മിഷനുകീഴിൽ കേരകൃഷിയെ പ്രോത്സാഹിപ്പിക്കാനുള്ള പദ്ധതികൾ ഒന്നും കൃഷി വകുപ്പിൽ പരിഗണനയിലില്ല. എന്നാൽ സി.ഡി.ബി. മുഖേന കേരകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി വിവിധ പരിപാടികൾ നടപ്പിലാക്കിവരുന്നുണ്ട്.

## ത്രിവേണി സൂപ്പർ മാർക്കറ്റുകളുടെ പ്രവർത്തനം

11 (*431) ശ്രീമതി ജെ. അരുന്ധതി :
ശ്രീ. പി. ജയരാജൻ :
ശ്രീ. എ. പ്രദീപ് കുമാർ :
ശ്രീ. കെ. സി. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ വന്ന ശേഷം ത്രിവേണി സൂപ്പർ മാർക്കറ്റുകളുടെ പ്രവർത്തനത്തിൽ എന്തുമാത്രം വളർച്ചയുണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) നോട്ട് ബുക്ക് നിർമ്മാണം, കറിപൗഡർ നിർമ്മാണം, എൽ.പി.ജി. ബോട്ടിലിംഗ് യൂണിറ്റ് എന്നിവയുടെ പ്രവർത്തനം വിപുലീകരിക്കാൻ നടപടി സ്വീകരിക്കുമോ ;

(സി) ഈ വർഷം എത്ര നോട്ട് ബുക്കുകൾ വിതരണം ചെയ്തു എന്ന് വെളിപ്പെടുത്തുമോ ;

(ഡി) കൺസ്യൂമർഫെഡിന്റെ പ്രവർത്തന മേഖല കൂടുതൽ വിപുലീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ?

സഹകരണവും കയറും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ) :

(എ) ഈ സർക്കാർ വന്നശേഷം 59 പുതിയ ത്രിവേണി സൂപ്പർ മാർക്കറ്റുകൾ ആരംഭിച്ചിട്ടുണ്ട്. 2005-06-ൽ സൂപ്പർ മാർക്കറ്റുകളുടെ വിൽപ്പന

LIBRARY ARCHIVES Kerala Legislative Assembly

57.06 കോടി രൂപയായിരുന്നത് 2009-10-ൽ 3 ഇരട്ടിയായി വർദ്ധിച്ച് 188.04 കോടി രൂപയായിട്ടുണ്ട്.

(ബി) നോട്ടുബുക്ക് നിർമ്മാണം, കാർഡ്ബോർഡ് നിർമ്മാണം എന്നിവയുടെ പ്രവർത്തനം വിപുലീകരിക്കുന്നതിന് എൻ. സി. ഡി. സി. യുടെ സാമ്പത്തിക സഹായത്തോടെ ഒരു പദ്ധതി (വിഷൻ 2011 ഒന്നാം ഘട്ടം) കൺസ്യൂമർ ഫെഡറേഷൻ തയ്യാറാക്കിയിട്ടുണ്ട്. അന്താരാഷ്ട്ര മാർക്കറ്റിൽ ക്രൂഡ് ഓയിലിന്റെ വില അസ്ഥിരമായി തുടരുന്നത് കാരണം പാചക വാതക വിപണനം ഇപ്പോൾ വിപുലീകരിക്കുന്നത് ഫെഡറേഷനെ കൂടുതൽ നഷ്ട ത്തിലാക്കാൻ സാദ്ധ്യതയുള്ളതിനാൽ എൽ.പി.ജി. ബോട്ടിലിംഗ് യൂണിറ്റിന്റെ പ്രവർത്തനം വിപുലീകരിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. ഉപഭോ ക്താക്കളുടെ അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് പുതിയ കണക്ഷനുകൾ നൽകുന്നുണ്ട്.

(സി) 5,70,58,626 രൂപ വില വരുന്ന ഉദ്ദേശം 66 ലക്ഷം വിവിധ ഇനം നോട്ടുബുക്കുകൾ 2010 സ്കൂൾ സീസണിൽ വിൽപ്പന നടത്തി.

(ഡി) സർക്കാർ നിർദ്ദേശ പ്രകാരം സംസ്ഥാനത്തെ എല്ലാ നിയമസഭാ നിയോജക മണ്ഡലങ്ങളിലും ത്രിവേണി സൂപ്പർ മാർക്കറ്റുകൾ തുടങ്ങുക, പ്രാഥമിക സഹകരണ സ്ഥാപനങ്ങളുമായി നടത്തുന്ന സംയുക്ത സംരംഭ ത്തിലൂടെ എല്ലാ പഞ്ചായത്തുകളിലും നീതി മെഡിക്കൽ സ്റ്റോറുകൾ ആരംഭിക്കുക, നീതി സ്റ്റോറുകളുടെ എണ്ണം 5000 ആയി വർദ്ധിപ്പിക്കുക, പ്രധാനപ്പെട്ട കേന്ദ്രങ്ങളിൽ 10 വൻകിട ചില്ലറ വിൽപ്പന കേന്ദ്രങ്ങൾ ആരംഭിക്കുക തുടങ്ങിയ പ്രവർത്തനങ്ങളാണ് കൺസ്യൂമർ ഫെഡിന്റെ പ്രവർത്തന മേഖല വിപുലീകരിക്കുന്നതിന്റെ ഭാഗമായി നടപ്പിലാക്കിവരുന്നത്. കൂടാതെ 'വിഷൻ 2011 ഒന്നാം ഘട്ടം' എന്ന പേരിൽ 22 പദ്ധതികൾ ഉൾപ്പെടുത്തി 55.65 കോടി രൂപ ചെലവുവരുന്ന പദ്ധതിയും ഫെഡറേഷൻ തയ്യാറാക്കിയിട്ടുണ്ട്.

**ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങൾക്ക് നൽകുന്ന ആനുകൂല്യങ്ങൾ**

12 (*432) ശ്രീ. രാജു എബ്രഹാം :
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ :
ശ്രീ. വി. ശിവൻകുട്ടി :
പ്രൊഫ. സി. രവീന്ദ്രനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങൾക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകുന്നത് ;

(ബി) സംസ്ഥാനത്ത് എത്ര ലേബർ കോൺട്രാക്ട് സംഘങ്ങൾ പ്രവർത്തിക്കുന്നുവെന്ന് വെളിപ്പെടുത്തുമോ ;

(സി) എത്ര രൂപ വരെയുള്ള പൊതുമരാമത്ത് പ്രവർത്തനങ്ങൾക്കാണ് സംഘങ്ങളെ ടെൻഡറിൽ നിന്നും ഒഴിവാക്കിയിട്ടുള്ളത് ; പ്രസ്തുത പരിധി ഉയർത്താൻ നടപടി സ്വീകരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly